# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 5

# വാർത്താക്കുറിപ്പ്

---

### പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ജനവരി എട്ട്, ഒൻപത് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

### കോഴ്‌സ് വർക്ക് പരീക്ഷ മാറ്റി

ജനവരി അഞ്ച്, ആറ് തീയതികളിൽ കോട്ടയം സി.എം.എസ്. കോളേജിൽ നടത്താൻ നിശ്ചയിച്ചിരുന്ന പി.എച്ച്.ഡി. കോഴ്‌സ് വർക്ക് (I, II) പരീക്ഷകൾ യഥാക്രമം ജനവരി 19, 20 തീയതികളിലേക്ക് മാറ്റി. കോഴ്‌സ് III പരീക്ഷകൾക്ക് മാറ്റമില്ല.

### പരീക്ഷ തീയതി

സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടക്കുന്ന രണ്ട്, നാല്, ആറ്, എട്ട് സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്‌സ്) റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ ജനവരി 23ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ജനവരി എട്ടുവരെയും 500 രൂപ പിഴയോടെ ഒൻപതു വരെയും 1000 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ (സെമസ്റ്ററിന് പരമാവധി 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

ഒന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാ കൾച്ചർ ഡിസംബർ 2018 (സി.എസ്.എസ്. - 2018 അഡ്മിഷൻ - റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) - ടാക്‌സോണമി ആന്റ് സിസ്റ്റമാറ്റിക്‌സ് ഓഫ് കൾച്ചറബിൾ അക്വാട്ടിക് ഓർഗാനിസം എന്ന പേപ്പറിന്റെ പരീക്ഷ ജനവരി 21ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും.

### പരീക്ഷഫലം

2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്‌സ് മാനേജ്‌മെന്റ് (2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 15 വരെ അപേക്ഷിക്കാം.

### യു.ജി., പി.ജി. മൂല്യനിർണയ സമിതി ചെയർമാന്മാരുടെ യോഗം ജനവരി ഏഴിന്

ഒന്നും മൂന്നും സെമസ്റ്റർ യു.ജി. മൂല്യനിർണയ സമിതി ചെയർമാന്മാരുടെ യോഗം ജനവരി ഏഴിന് രാവിലെ 11 നും പി.ജി. ചെയർമാന്മാരുടെ യോഗം ഉച്ചയ്ക്ക് രണ്ടിനും സർവകലാശാല സെനറ്റ് ഹാളിൽ നടക്കും.

### പി. ശേഖരൻ നായർ എൻഡോവ്‌മെന്റ് അവാർഡ് വിതരണം ജനവരി 10ന്

പി. ശേഖരൻ നായർ എൻഡോവ്‌മെന്റ് വിതരണം ജനവരി 10ന് വൈകിട്ട് 3.30ന് സർവകലാശാല അസംബ്ലിഹാളിൽ നടക്കും.

## 18 വിദ്യാർഥി സംരംഭങ്ങൾക്ക് സ്റ്റാർട്ടപ്പ് ഗ്രാന്റ്

ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെ 'ഫ്രം ലാബ് ടു ഇൻഡസ്ട്രി' സംരംഭകത്വ പദ്ധതി പ്രകാരം 16 വിദ്യാർഥികളുടെയും അന്തർ സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രവും ബി.ഐ.ഐ.സി.യും സംയുക്തമായി നടത്തുന്ന ഐയുകോഫ്സ - ബി.ഐ.ഐ.സി. സംരംഭകത്വ പദ്ധതി പ്രകാരം രണ്ടു പേരുടെയും സ്റ്റാർട്ടപ്പുകൾക്ക് അംഗീകാരം. തെരഞ്ഞെടുക്കപ്പെട്ടവർക്ക് 10000 രൂപ വീതം സ്റ്റാർട്ടപ്പ് ഗ്രാന്റ് ലഭിക്കും.

ഡോ. പി.എ. രശ്മി (പ്രസന്റേഷൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്), ടീന മെർലിൻ, എ. ആഷിത, അശ്വതി ജയകുമാർ (സ്കൂൾ ഓഫ് ബയോസയൻസസ് മഹാത്മാ ഗാന്ധി സർവകലാശാല), രാഹുൽ കെ. (സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ്), എം. ആര്യശ്രീ (കെ.ജി. കോളേജ്, പാമ്പാടി), കെ. സരിത, വിനീത വിജയൻ, സുമ ടി. ബാലൻ (സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്), വി.പി. പ്രകാശൻ, സുഭാഷ് ഗോപി, സനു മാത്യു സൈമൺ (സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്), ഷിന്റോ ബാബു (യു.സി. കോളേജ്, ആലുവ), ജിസ്സി ജേക്കബ് (സെന്റ് തോമസ് കോളേജ് പാലാ), വി.ആർ. ശ്രുതി, തോമസ് എബ്രഹാം (സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്) എന്നിവരാണ് 'ഫ്രം ലാബ് ടു ഇൻഡസ്ട്രി' സംരംഭകത്വ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടത്.

ബി.ഐ.ഐ.സി.-ഐയുകോഫ്സ പദ്ധതിയിൽ അഞ്ജന എസ്. നായർ, സി.എസ്. കീർത്തന (സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ